# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1086** 04.02.2019-ൽ മറുപടിക്ക്

### ഗ്രാമീണ റോഡുകളുടെ ഏറ്റെടുക്കൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ടി.വി.ഇബ്രാഹിം** | | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് ഗ്രാമീണ റോഡുകളുടെ നിർമ്മാണ/ പുനരുദ്ധാരണ പ്രവൃത്തികൾക്ക് വേണ്ടി ചെയ്ത കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | MLA/ADS, NABARD, Budget-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണ/പുനരുദ്ധാരണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ചെയ്തു വരുന്നുണ്ട്. |
| (ബി) | ഈ കാലഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത പുതിയ റോഡുകളുടെ പേര്, നീളം തുടങ്ങിയ വിവരങ്ങൾ ജില്ല തിരിച്ച് അറിയിക്കാമോ; | (ബി) | ഈ കാലഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ റോഡുകളൊന്നും തന്നെ ഏറ്റെടുത്തിട്ടില്ല. |
| (സി) | പൊതുമരാമത്ത് വകുപ്പ് പുതിയ റോഡുകൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങളും നടപടിക്രമങ്ങളും അറിയിക്കാമോ? | (സി) | ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ അംഗീകരിച്ച മാനദണ്ഡങ്ങൾക്കനുസരിച്ചും സർക്കാർ തീരുമാനമനുസരിച്ച് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാറുണ്ട്. ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് അതാത് പഞ്ചായത്തുകളുടെ റെസല്യൂഷൻ ആവശ്യമാണ്.<br>ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പുതുക്കിയ മാനദണ്ഡങ്ങൾ രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. ഗ്രാമീണ റോഡുകൾ ഒന്നും തന്നെ ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതില്ല എന്നാണ് നിലവിലുള്ള സർക്കാർ തീരുമാനം. |

സെക്ഷൻ ഓഫീസർ